**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4997** **11-08-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴമെഡിക്കൽ കോളേജിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിവിധ വിഭാഗങ്ങളിലായി എത്ര ഡോക്ടർമാരാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിവിധ വിഭാഗങ്ങളിലായി 28 പ്രൊഫസർമാർ, 29 അസോസിയേറ്റ് പ്രൊഫസർമാർ, 185 അസിസ്റ്റന്റ് പ്രൊഫസർമാർ, 154 ജൂനിയർ റസിഡന്റുമാർ, ബോണ്ട് വ്യവസ്ഥയിൽ 71 സീനിയർ റസിഡന്റുമാർ, കരാർ വ്യവസ്ഥയിൽ 16 സീനിയർ റസിഡന്റുമാർ, 135 ഹൗസ് സർജൻമാർ എന്നിവർ സേവനമനുഷ്ഠിക്കുന്നുണ്ട്. |
| (ബി) | അനസ്തേഷ്യ വിഭാഗത്തിൽ ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്തതുമൂലം പല പ്രധാന ശസ്ത്രക്രിയകളും മാറ്റി വെക്കേണ്ടതായ സാഹചര്യം ഉണ്ടാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കോവിഡിന്റെ സാഹചര്യത്തിൽ അനസ്തേഷ്യ വിഭാഗത്തിലെ ഡോക്ടർമാരെയും ടെക്നീഷ്യൻമാരെയും കോവിഡ് ഐ.സി.യു വിലേയ്ക്ക് ഡ്യൂട്ടിയ്ക്കായി വിന്യസിച്ചതു കാരണം ഇലക്ടീവ് സർജറികൾ താല്ക്കാലികമായി നിർത്തിവച്ചിരുന്നു. കോവിഡ് കേസുകൾ കുറഞ്ഞതിനെത്തുടർന്ന് ജൂലൈ മാസം മുതൽ എല്ലാ വിഭാഗങ്ങളിലും ഇലക്ടീവ് സർജറികൾ പുനരാരംഭിച്ചിട്ടുണ്ട്. |
| (സി) | പടിഞ്ഞാറൻ മേഖലയിലെ ഏറ്റവും പ്രധാന ആശുപത്രി എന്ന നിലയിൽ പ്രസ്തുത വിഭാഗത്തിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കാമോ? | (സി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള ഒറ്റ പാക്കേജ് പ്രൊപ്പോസലിൽ ആലപ്പുഴ മെഡിക്കൽ കോളേജിലെ അനസ്തേഷ്യ വിഭാഗത്തിൽ ഒരു അസോസിയേറ്റ് പ്രൊഫസർ തസ്തികയും രണ്ട് അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളും സൃഷ്ടിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. ടി പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ